സൈലൻറ് വാലി പദ്ധതി

*20[21] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ് വാലി പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കരുതെന്ന് കാണിച്ചു നിവേദനങ്ങൾ ഗവൺമെൻറിൽ ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) സൈലൻറ്വാലി പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുള്ള പ്രധാന പണികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നത് സംഘം നിരപ്പാക്കൽ, അപ്രോച്ചു റോഡ് നിർമ്മാണം, കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയിലാണ്. ഇതിനുവേണ്ടി 215 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സൈലൻറ്വാലി പദ്ധതി നടപ്പാക്കുന്നതിനെതിരായി രണ്ടു കൂട്ടർ ഫയൽ ചെയ്ത കേസിൻറെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതി ആഗസ്റ്റ് മുപ്പതാം തീയതി പദ്ധതിയുടെ പണി രണ്ടാഴ്ചത്തേക്ക് നിറുത്തിവയ്ക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിയമപരമായ തടസ്സങ്ങൾ നീങ്ങിയാൽ പണി താമസിയാതെ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പോലീസ് ഡിപ്പാർട്ടുമെൻറിലെ ട്രാൻസ്ഫർ

1 [2] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിലെ സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫർ നടത്തുന്നതു എന്തു മാനദണ്ഡം വെച്ചുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫർ നടത്തുന്നതിനു മാനദണ്ഡം ഇല്ലെങ്കിൽ ഇവരുടെ ട്രാൻസ്ഫറിനു എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് മാനുവലിലുള്ള ചട്ടങ്ങൾ പ്രകാരവും പൊതുതാൽപ്പര്യത്തിൻറെ അടിസ്ഥാനത്തിലുമാണ് സംഘം മാറ്റം നടത്തുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly